# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാരങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 5 - 605/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാരങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 5 - 605/2021 തീയ്യതി: 29/09/2021

## പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.ആർ. മഹേഷ് കുമാർ അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി. നായർ ഓഡിറ്റർ
ശ്രീമതി.ദീപ കെ.എസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കടമ്മനിട്ട കരുണാകരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എൽ.വിജയമ്മ | സെക്രട്ടറി | 01-04-2019 | 20-06-2021 |
| ജെ.ഗിഫ്റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2019 | 19-07-2019 |
| റ്റി.രഞ്ജിമ | സെക്രട്ടറി | 20-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെ.ഗിഫ്റ്റി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| മഹേഷ്.റ്റി.എസ് | അസി. എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| അവിനാഷ്.വി | അസി. എഞ്ചിനീയർ | 26-07-2019 | 13-08-2019 |
| ജലിം.എസ് | അസി. എഞ്ചിനീയർ | 14-08-2019 | 31-03-2020 |
| ധന്യ.എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീകാർത്തിക | വെറ്ററനറി സർജൻ | 01-08-2019 | 31-03-2020 |
| അനിതാകുമാരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രുതി സുധാകർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ഷീബ.ജി | മെഡിഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ലക്ഷ്മി മോഹൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അനുമോൾ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.സൂസൻ ജോൺ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 10-08-2019 |
| ഡോ.രജിത റ്റി വർഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. അനിൽ കെ. | വെറ്ററിനറി സർജൻ | 01-04-2019 | 31-07-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K S Deepa (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: K R Maheshkumar (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aswathy.V.Nair (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-10 |
| 11 | താമസാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണ് മാറ്റൽ - പെർമിറ്റ് നൽകിയ ശേഷം തുടർനിരീക്ഷണമില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-11 |
| 12 | ചട്ടങ്ങൾ പാലിക്കാതെ മണ്ണെടുത്തു മാറ്റുന്നതിനു പെർമിറ്റ് നൽകി<br>Written By: K R Maheshkumar (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-12 |
| 13 | പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വാട്ടർ ടാങ്ക് വിതരണം - പദ്ധതി നടപ്പാക്കിയില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-13 |
| 14 | ബാലസഭ - കുടുംബശ്രീയ്ക്കു നൽകിയ തുക ചെലവഴിച്ചില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-14 |
| 15 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ ആനുകൂല്യം നൽകിയില്ല<br>Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15 |
| 16 | വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-16 |

| | | |
|---|---|---|
| | Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും,വിനിയോഗവും<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-3 |
| 4 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-7 |
| 8 | ചാർജ്,സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Muhsin Faisal (Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷം 120115813 രൂപ വരവും 115588045 രൂപ ചെലവും 4527768 രൂപ നീക്കിയിരിപ്പും ഉള്ള ള ബജറ്റ് 15-3-2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 – 1 തീരുമാന പ്രകാരം അംഗീകാരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2019-20 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം ഉണ്ട്. ബജറ്റ് അവലോകനം നടത്തിയിട്ടില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ് ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 7450000 | 3728914 | 3721086 |
| | എ | വസ്തുനികുതി | 5000000 | 2981144 | 2018856 |
| | ബി | തൊഴിൽ നികുതി | 2200000 | 965290 | 1234710 |
| | സി | സേവന നികുതി | 250000 | ഇല്ല | 250000 |
| 2 | | നികുതിയിതര വരവുകൾ | 3585000 | 945643 | 2639357 |
| | എ | ഫോം വിൽപ്പന | 300000 | 15202 | 284798 |
| | ബി | കെട്ടിട നിർമ്മാണ പെർമിറ്റ് | 550000 | 136237 | 413763 |
| | സി | വാടക | 100000 | ഇല്ല | 100000 |
| | ഡി | ലൈസൻസ് | 200000 | 136711 | 63289 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 8062000 | 8276210 | (-)214210 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | | വികസന ഫണ്ട് | 14093000 | 12147402 | 1945598 |
| 5 | | സംരക്ഷണ ഗ്രാന്റ് | 12633000 | 7190728 | 5442272 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 13650000 | 3219952 | 10430048 |
| 7 | | ഭരണ ചെലവുകൾ | 2187000 | 1093436 | 1093564 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1470000 | 526515 | 943485 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 5455830 | 3691147 | 1764683 |
| 10 | | പ്ലാൻ-സേവന മേഖല | 44434600 | 9099948 | 35334652 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 9878000 | 5804341 | 4073659 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 2339615 | 1514247 | 825368 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 15.07.2020 |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B4 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലയബലിറ്റിയായി 1645277 രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ BIMS പാസ്സ്ബുക്ക് പ്രകാരം 31.03.2020 ൽ 1895259 രൂപ ബാലൻസുണ്ട്. ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

2. ഷെഡ്യൂൾ B5 സെക്യൂർഡ് ലോൺ ഷെഡ്യൂളിൽ KURDFC ലോൺ കുടിശ്ശികയായി 5688572 രൂപ കാണിച്ചിരിക്കുന്നു. ഇത് മുൻ വർഷത്തേക്കാൾ 508572 രൂപ കൂടുതലാണ്. തൻ വർഷം G.O പ്രൊജക്ടായി 191176 രൂപ (പ്രൊജക്ട് നം282), 7353 രൂപ (പ്രൊജക്ട് നം283) , 191177 (പ്രൊജക്ട് നം284), 7353 (പ്രൊജക്ട് നം285) എന്നിങ്ങനെ ആകെ 397059 രൂപ അടവാക്കിയത് അക്കൗണ്ട്സിൽ കുറവു വരുത്തിയിട്ടില്ല.

3. ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. റോഡ് ആസ്തികൾ,മറ്റ് ആസ്തികൾ എന്നിവയിലെല്ലാം മുൻ വർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള ആസ്തികൾക്ക് ഡിപ്രീസിയേഷൻ നൽകിയതും ക്രമപ്രകാരമല്ല.

4. ഷെഡ്യൂൾ B15:- വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5.ഷെഡ്യൂൾ B-18:- ഡെപ്പോസിറ്റ് വിവരങ്ങളിൽ മുൻ വർഷത്തെ ഡെപ്പോസിറ്റ് വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. തൻ വർഷം ഇവയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് കുറവു ചെയ്ത് ഷെഡ്യൂൾ B-11 ലേക്ക് അക്കൗണ്ട് ചെയ്തിട്ടില്ല.

6. കേന്ദ്രവിഹിതമായി ICDS ന് ലഭിച്ച തുകയിൽ (623200) തൻവർഷം മുന്നിരിപ്പുൾപ്പെടെ ചെലവഴിച്ചത് 296942 രൂപയാണ് . ഇതു പ്രകാരം B-4 ഷെഡ്യൂളിൽ 728850 രൂപ ബാലൻസ് വരേണ്ടതായിരുന്നു. ശുചിത്വമിഷൻ ഗ്രാന്റ്

ചെലവിൽ MCF നിർമ്മാണത്തിനുള്ള 396278 രൂപ ഉൾപ്പെട്ടിട്ടില്ല. ഷെഡ്യൂൾ B4 ൽ ഈ രണ്ടിനങ്ങളിലുമുള്ള ബാലൻസ് തുക ഇക്കാരണത്താൽ കൃത്യമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:072019-20തീ.28.08.2021) മറുപടിയായി അക്കൗണ്ട്സ് ക്രമപ്പെടുത്തുന്നതിനു തുടർ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15445511 |
| ഓഡിറ്റ് വർഷത്തെ വരവ് | 42500700 |
| ആകെ വരവ് | 57946211 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39289659 |
| നീക്കിയിരിപ്പ് | 18656552 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8800 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10692227 | 10692227 | 8924665 | 1681876 | 85686 |
| വികസന ഫണ്ട്-SCP | 0 | 4234294 | 4234294 | 3202737 | 1006346 | 25211 |
| വികസന ഫണ്ട്-TSP | 0 | 367336 | 367336 | 20000 | 347336 | |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 9382000 | 9382000 | 4952169 | 2239523 | 2190308 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 3251000 | 3251000 | 2238559 | 1012441 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied<br>ACR പ്രകാരം | 0 | 7255789 | 7255789 | 4384869 | 2153834 | 717086 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| ICDS | 402592 | 623200 | 1025792 | 296942 | 728850 | |
| MGNREGS-Admn | 1966 | 608264 | 610230 | 610230 | 0 | |
| MGNREGS-DBT | 0 | 7779417 | 7779417 | 7779417 | 0 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ലൈബ്രറി ഗ്രാന്റ് | 1734 | 43589 | 45323 | 27380 | 17943 | |
| ശുചിത്വ മിഷൻ | 2537411 | 0 | 2537411 | 536278 | 2001133 | |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| ലൈഫ് | 0 | 930952 | 930952 | 930952 | 0 | |

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിൽ കുറവുണ്ടാകുകയും ചെയ്യുന്നു. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് ജനറൽ /എസ്.സി.പി ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക (ലൈഫ്, വാട്ടർ ചാർജ് കുടിശ്ശിക) | അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11492000 | 799773 | 10692227 | 10692227 |
| വികസന ഫണ്ട് (SCP) | 4249000 | 14706 | 4234294 | 4234294 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു

| ഫണ്ട് | ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | അലോട്ട്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) | 11492000 | 10692227 | 8924665 | 8924665 | 2567335 | 1767562 |
| വികസന ഫണ്ട് (SCP) | 4249000 | 4234294 | 3202737 | 3202737 | 1046263 | 1031557 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ വരവ് , നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നമില്ല.

3) ലൈഫ് പദ്ധതിയിൽ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച 930952 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

പരിശോധനയ്ക്കായി ഹാജരാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾ ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 226 | 56586394/- | 140 | 27402382/- | - | 86 | 51.72% |

വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും അപൂർണ്ണമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 1842000 | 1540000 |
| വെറ്ററിനറി സർജൻ | 6 | 6 | 1708000 | 959500 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 1033400 | 1013283 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 250000 | 250000 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 8 | 7 | 6593619 | 3466410 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 6 | 5 | 2540681 | 2190147 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 994320 | 994320 |
| സെക്രട്ടറി | 27 | 20 | 4920263 | 2611439 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 5 | 5 | 850020 | 614830 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 145 | 75 | 33158915 | 12456398 |
| അസി.സെക്രട്ടറി | 12 | 9 | 2545176 | 1156055 |
| ആകെ | 226 | 140 | 56586394 | 27402382 |

തൻവർഷം ആസൂത്രണം ചെയ്ത പദ്ധതികളിൽ 62.78% മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും, ഫണ്ട് ചെലവഴിക്കുകയും ചെയ്യുന്ന അസി.എഞ്ചിനീയർ തൻ വർഷം ആവിഷ്കരിച്ച

പ്രൊജക്ടുകളിൽ അടങ്കലിൽ ഉൾക്കൊള്ളിച്ച തുകയുടെ 37.56% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 03.07.2018-ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്. ജി.ഒ പ്രൊജക്ടുകൾ മുഖേന ലൈഫ് ഭവനനിർമ്മാണം ജനറൽ, എസ്.സി.പി ഇനങ്ങളുടെ വായ്പാ തിരിച്ചടവ് നടത്തിയെങ്കിലും,വാർഷിക കണക്കിൽ ബാധ്യതാ ശീർഷകത്തിൽ ആയത് പ്രതിഫലിച്ചിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1966 | 608264 | 610230 | 610230 | 0 |
| ഗുണഭോക്താക്കൽക്ക് നേരിട്ട് നൽകിയത് | 0 | 7779417 | 7779417 | 7779417 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 198 | 1236000 |
| വിധവാപെൻഷൻ | 487 | 2911200 |
| വാർദ്ധക്യകാലപെൻഷൻ | 1230 | 7507200 |
| വികലാംഗപെൻഷൻ | 220 | 1403400 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 72000 |
| തൊഴിൽ രഹിത വേതനം | 22 | 22080 |

## 1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 18-8-2021, 2.30 പി.എം-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31589 രൂപ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന് ആവശ്യമായ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21-ൽ ലഭ്യമായിട്ടുണ്ടെങ്കിലും രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിൽ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെ വിവരം ചേർക്കുന്നില്ല. വായ്പാ രജിസ്റ്ററും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച്

സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിവിധ ഫണ്ടുകളുപയോഗിച്ച് അനവധി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ ജല അതോറിറ്റി മുഖേന പഞ്ചായത്ത് നടപ്പാക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ പൊതു ടാപ്പുകൾക്കു പകരം വ്യക്തിഗത കണക്ഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതും, പഞ്ചായത്തിന്റെ തനത് സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ വഴിയുള്ള പിരിവുകൾ യഥാസമയം പഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആട്ടുവളർത്തൽ പദ്ധതിക്കായി ഗുണ.വിഹിതം പിരിച്ചതുക വെറ്റി.സർജൻ ഒടുക്കാതെ വരികയും, ഓഡിറ്റിൽ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പലിശ സഹിതം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുമുണ്ട്. ഗുണ.വിഹിതം പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് ക്രമ വിരുദ്ധമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുകയും ചെയ്തിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ, രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും, കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-7-2016 മുതൽ 18-7-2016 വരെ | 2011-12 മുതൽ 2015-16 വരെ | 19-9-2016 |
| പെർഫോർമൻസ് ഓഡിറ്റ് | 19-9-2019&20-9-2019 | 4/2019മുതൽ 8/2019വരെ | 19-10-2019 |

## 1-11 താമസാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണ് മാറ്റൽ - പെർമിറ്റ് നൽകിയ ശേഷം തുടർനിരീക്ഷണമില്ല.

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും വികസന പെർമിറ്റുകളോടൊപ്പം താമസാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകളും താഴെ പറയുന്ന വ്യക്തികൾക്ക് നൽകിയിരുന്നു. അപേക്ഷകർ വികസന പെർമിറ്റ് തീയതിയ്ക്കു ശേഷം ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം ആരംഭിക്കാത്ത പക്ഷം ജില്ലാ ജിയോളജിസ്റ്റിനു തുടർ നിയമ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. സഞ്ചയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ അപേക്ഷകരുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തി നമ്പരിട്ടതായി കാണുന്നില്ല.

| ക്രമ നം | പെർമിറ്റ് രജിസ്റ്റർ ക്രമ നം | പേര് വിലാസം | പെർമിറ്റ് | അളവ് |
|---|---|---|---|---|
| 1 | 36 | തോമസ് വി.ജി, മണിക്കുളത്ത്, കടമനിട്ട | ഭൂവികസനം C3.BA/173233/19 02.07.2019 | രേഖപ്പെടുത്തിയിട്ടില്ല |
| | 37 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C3.BA/173225/19 02.07.2019 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 74 | വിജയാനന്ദൻ, വിജയ ഭവനം, നാരങ്ങാനം 248/12-1 | ഭൂവികസനം C4.BA/261148/19 24.08.2019 | 402 $M^3$ |
| | 75 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) | 103.06 $M^2$ |

| | | | | |
|---|---|---|---|---|
| | | | C4.BA/261174/19 24.08.2019 | |
| 3 | 102 | ബിനോജ് കുമാർ , ഗോകുലം, നാരങ്ങാനം | ഭൂവികസനം C6/4738/19 17.02.2020 | 1608 $M^3$ |
| | 103 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C6/4737/19 13.03.2020 | 284 $M^2$ |
| 4 | 4 | ബിജോയി സി ജോൺ, ചെറുകുന്നത്ത് | ഭൂവികസനം C6/5010/19 31.12.2019 | 288.84$M^3$ |
| | 5 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C6/5019/19 06.01.2020 | 160.58 $M^2$ |
| 5 | 7 | ബിജു കെ, പുത്തൻതറ മുരുപ്പേൽ, കടമ്മനിട്ട | ഭൂവികസനം C6/265/20 15.02.2020 | 04.38 ആർ |
| | 8 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C6/261/20 15.02.2020 | 82.72 $M^2$ |
| 6 | 16 | മാത്യൂസ് ജോർജ്, കുരീക്കാട്ടിൽ , നാരങ്ങാനം | ഭൂവികസനം C6.442/20; 03.02.2020 | 3943.67$M^3$ |
| | 17 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C6/443/20 13.02.2020 | 186.32 $M^2$ |
| 7 | 21 | സിജോ ജോസഫ്, തലക്കോട്ട്, തോന്ന്യാമല | ഭൂവികസനം C6.548/20;02.03.2020 | 557.45 $M^3$ |
| | 22 | | കെട്ടിട നിർമ്മാണം (റസിഡൻഷ്യൽ) C6.549/20; 02.03.2020 | 136.52 $M^2$ |

മേൽ പറയുന്ന അപേക്ഷകർ വികസന പെർമിറ്റ് നേടി മണ്ണ് മാറ്റിയ ശേഷം കെട്ടിട നിർമ്മാണം നടത്താതിരിക്കുന്നുണ്ടോയെന്ന പരിശോധിച്ച് ഇല്ലായെങ്കിൽ ഓഡിറ്റിനും ജില്ലാ ജിയോളജിസ്റ്റിനും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഓഡിറ്റ് എൻക്വയറി (നം.06/2019-20 : 25.08.2021) നൽകിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർക്ക സൈറ്റ് പരിശോധിക്കാൻ കത്ത് നൽകി വിവരം ശേഖരിച്ച ശേഷം മറുപടി നൽകാമെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക ക്ഷണിക്കുന്നു.

## 1-12 ചട്ടങ്ങൾ പാലിക്കാതെ മണ്ണെടുത്ത് മാറ്റുന്നതിന് പെർമിറ്റ് നൽകി

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നു നൽകിയ വികസന പെർമിറ്റ് ഫയലുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) ചട്ടം 6 പ്രകാരമുള്ള തടസ്സരാഹിത്യ പത്രം ഇല്ലാതെ മണ്ണെടുത്ത് മാറ്റാൻ പെർമിറ്റ് നൽകിയത് സംബന്ധിച്ച്-

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം (SRO No:26/2014;10.01.2014) മണ്ണ് ഉത്ഘനനം (Excavation) നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും തടസ്സരാഹിത്യ പത്രം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം. 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഭൂവികസന പെർമിറ്റ് നൽകിയ അപേക്ഷകളിലൊന്നിലും മറ്റു വകുപ്പുകളിൽ നിന്നുള്ള (റവന്യൂ, ജിയോളജി) തടസ്സരാഹിത്യ പത്രം ഇല്ല. ഇപ്രകാരം മറ്റു വകുപ്പുകളുടെ അംഗീകാരം ഇല്ലാതെ വികസന പെർമിറ്റ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പഞ്ചായത്തുകളിൽ നിന്നും വികസന പെർമിറ്റ് ഹാജരാക്കിയെങ്കിൽ മാത്രമേ ജിയോളജി വകുപ്പ് അനുമതി നൽകുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. മേൽ ചട്ടത്തിലെ അവ്യക്തത സർക്കാർ തലത്തിൽ പരിഹരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

B) വികസന പെർമിറ്റ് എടുത്ത് മാസങ്ങൾക്കു ശേഷം ക്യാൻസൽ ചെയ്യുന്നത് സംബന്ധിച്ച്-
താഴെ പറയുന്ന അപേക്ഷകർ വാണിജ്യ/റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിട നിർമ്മാണ പെർമിറ്റും കെട്ടിടം നിർമ്മിക്കുന്ന ഭൂമിയിൽ നിന്നും മണ്ണെടുത്ത് മാറ്റുന്നതിനായി വികസന പെർമിറ്റും എടുത്തിരുന്നു. എന്നാൽ ജില്ലാ ജിയോളജിസ്റ്റിന്റെ നിർദ്ദേശം ഉണ്ട് എന്നറിയിച്ച് എടുക്കുന്ന മണ്ണിന്റെ അളവിൽ കൂടുതൽ/കുറവ് മണ്ണെടുത്ത് മാറ്റുന്നതിനായും പുതിയ വികസന പെർമിറ്റിനു അപേക്ഷിക്കുന്നതിനും ആദ്യം ലഭിച്ച വികസന പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിന് ഉടമസ്ഥർ അപേക്ഷകൾ നൽകി. തുടർന്ന് സെക്രട്ടറി വികസന പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതായി നോട്ടിൽ കുറിപ്പെഴുതുകയും പെർമിറ്റ് രജിസ്റ്ററിൽ അവ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ അപേക്ഷകൻ പുതിയ വികസന പെർമിറ്റിനു അപേക്ഷ നൽകിയതായി കാണുന്നില്ല. മേൽ അപേക്ഷകർ അനുവദനീയമായതിൽ കൂടുതൽ മണ്ണ് പ്ലോട്ടിൽ നിന്നും എടുത്ത് മാറ്റിയിട്ടുണ്ടോയെന്നും കെട്ടിടം നിർമ്മിച്ചിട്ടുണ്ടോയെന്നും എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വികസന പെർമിറ്റ് നൽകി ഒരു വർഷത്തിനകം കെട്ടിട നിർമ്മാണം ആരംഭിച്ചില്ലെങ്കിൽ ജില്ലാ ജിയോളജിസ്റ്റിനെ ഗ്രാമപഞ്ചായത്തിൽ നിന്നും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഡിറ്റിനു നൽകിയ മറുപടിയിൽ സൈറ്റുകൾ പരിശോധിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കു കത്ത് നൽകുമെന്നും തുടർനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, വിലാസം, വാർഡ് നം., സർവ്വെ നമ്പർ | പെർമിറ്റ് നം/ തീയതി | അളവ് | ഭൂവികസന പെർമിറ്റ് ക്യാൻസൽ ചെയ്യാൻ അപേക്ഷ നൽകിയത് | ഭൂവികസന പെർമിറ്റ് ക്യാൻസൽ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | M. ജോൺ, കല്ലുവിള പുത്തൻവീട് വാർഡ്- 13 വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 14 സർവ്വെ നമ്പർ - 342/1 | ഭൂവികസനം C4.BA/216091/19; 17.07.2019 | 369M3 | 13.12.2019 | 01.01.2020 |
| | | കെട്ടിട നിർമ്മാണ പെർമിറ്റ് (വാണിജ്യം) C4.BA/216089/19; 01.08.2019 | 49.41 M2 | | |
| 2 | അബ്രഹാം തോമസ്, നെടിയപറമ്പിൽ, നാരങ്ങാനം വാർഡ്- 03 | ഭൂവികസനം C4.BA/273291/19 26.09.2019 | 236.79M3 | 06.03.2020 | 11.03.2020 |
| | | കെട്ടിട നിർമ്മാണ | 109 M2 | | |

| | | | | | |
|---|---|---|---|---|---|
| | വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 14 സർവ്വെ നമ്പർ - 121/8/2 | പെർമിറ്റ് (റസിഡൻഷ്യൽ) C4.BA/273255/19; 01.10.2019 | | | |
| 3 | ലിബിൻ മാത്യു, കുരിക്കാട്ടിൽ, നാരാങ്ങാനം. വാർഡ്- 12 | ഭൂവികസനം C4.BA/261474 24.08.2019 | 471M3 | 15.09.2020 | 16.10.2020 |
| | വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 15 സർവ്വെ നമ്പർ - 260/3 | കെട്ടിട നിർമ്മാണ പെർമിറ്റ് (റസിഡൻഷ്യൽ) C4.BA/261458/19; 19.09.2019 | 164.4 M2 | | |
| 4 | ബിജു, പൂവണ്ണംമൂട്ടിൽ വാർഡ്- 04 | ഭൂവികസനം C4.BA/265398/19; 11.06.2019 | 616.23M3 | 16.12.2019 | 01.01.2020 |
| | വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 15 സർവ്വെ നമ്പർ - 304/27/1,304/26 | കെട്ടിട നിർമ്മാണ പെർമിറ്റ് (റസിഡൻഷ്യൽ) C4.BA/261458/19; 19.09.2019 | 169.39 M2 | | |
| 5 | ജോബി കെ സാമുവൽ, കൊട്ടാരത്തുപടി, വാർഡ്- 07 | ഭൂവികസനം C4.BA/244581/19; 29.07.2019 | 753.3M3 | 30.01.2020 | 03.02.2020 |
| | വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 14 സർവ്വെ നമ്പർ -258/2/2 | കെട്ടിട നിർമ്മാണ പെർമിറ്റ് (റസിഡൻഷ്യൽ) C4.BA/151938/19; 21.06.2019 | 68M2 | | |
| 6 | ബിന്ദു സി തോമസ്, ചന്തക്കാവ് തെക്കേമുറിയിൽ, കടമനിട്ട. വാർഡ്- 08 | ഭൂവികസനം, C3.BA153426/19: 21.06.2019 | 2264.4 | 27.07.2019 | 30.07.2019 |
| | വില്ലേജ്- നാരങ്ങാനം ബ്ലോക്ക് നം - 15 സർവ്വെ നമ്പർ- 431/3-1 | കെട്ടിട നിർമ്മാണ പെർമിറ്റ് (റസിഡൻഷ്യൽ) C3.BA/139407/19; 11.06.2019 | 267.34M2 | | |

ക്രമ നം. 6 ലെ അപേക്ഷയിൽ ശ്രീ ബിനു തോമസ് താഴെ പറയുന്ന അളവിൽ മണ്ണെടുക്കുന്ന തിനായിരുന്നു അപേക്ഷ നൽകിയിരുന്നത്.

| പോർഷൻ | ഏരിയ |
|---|---|
| 1 | 10Mx16.65Mx1.5M=249.75M3 |
| 2 | 10Mx16.65Mx4.5M=749.25M3 |
| 3 | 8Mx16.65Mx6.5M=865.80M3 |
| 4 | 3Mx16.65Mx8M=399.6M3 |
| ആകെ | 2264.40M3 |

പ്ലാൻ പ്രകാരം 8M ആഴത്തിൽ മണ്ണ് കുഴിച്ച മാറ്റുന്നതിനുള്ള സുരക്ഷയ്ക്കായി RCC Retaining Wall വശങ്ങളിൽ നിർമ്മിയ്ക്കുമെന്ന കാണിച്ചിരുന്നു. പെർമിറ്റ് ക്യാൻസൽ ചെയ്ത ശേഷം പുതിയ പെർമിറ്റിനു അപേക്ഷിച്ചിട്ടുണ്ടോയെന്നും 566 ലോഡ് മണ്ണെടുത്തു മാറ്റിയിട്ടുണ്ടോയെന്നും സുരക്ഷാ നടപടിയുടെ ഭാഗമായി റീട്ടെയിനിംഗ് ഭിത്തി നിർമ്മിച്ചിട്ടുണ്ടോയെന്നും ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിദഗ്ധ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

C) കെട്ടിട നിർമ്മാണത്തിനല്ലാതെ വലിയ തോതിൽ മണ്ണ് മാറ്റുന്നതിന് അനുമതി നൽകിയതു സംബന്ധിച്ച്.

താഴെ പറയുന്ന അപേക്ഷകൾ പരിശോധിച്ചതിൽ വലിയ തോതിൽ മണ്ണ് മാറ്റുന്നതിനു മാത്രം അപേക്ഷകൾ നൽകിയത് അനുവദിച്ചതായി കണ്ടു. 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഭൂമി അല്ലെങ്കിൽ വെള്ളക്കെട്ടുകൾ നികത്തിയെടുക്കുന്നതിനോ നിലവിലുള്ള ഭൂമിയുടേയോ തെരുവുകളുടേയോ നടപ്പാതകളുടേയോ ഉപയോഗം മാറ്റുന്നതിനോ നിലത്തിന്റെ പരിവർത്തനത്തിനോ പാർക്കുകളുടേയോ കളിസ്ഥലങ്ങളുടേയോ വികസനത്തിനോ മറ്റുമുള്ള ഭൂമിയുടെ മാറ്റങ്ങൾക്ക് ഭൂവികസനം എന്നു പറയുന്നു. ചട്ടം 12 പ്രകാരം 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ കുഴിച്ച് മണ്ണു മാറ്റുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേക നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ പ്രത്യേക ആവശ്യത്തിനല്ലാതെ പരിസ്ഥിതിയെ ബാധിക്കുന്ന തരത്തിൽ മണ്ണ് മാറ്റിയെടുക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ചതായി കണ്ടു. താഴെ പറയുന്ന അപേക്ഷകളിൽ മണ്ണ് ഉത്ഖനനം മാത്രം നടത്താൻ പെർമിറ്റ് നൽകിയതിനു വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പേര് വിലാസം സർവ്വെ വിവരങ്ങൾ | പെർമിറ്റ് | അളവ് |
|---|---|---|---|
| 1 | ഷൈജു സാം തോമസ്, മണലൂർ വീട്, മലയാലപ്പുഴ ഏറം പി.ഒ, പുതുക്കുളം<br>വാർഡ്- 10<br>വില്ലേജ്- നാരങ്ങാനം<br>ബ്ലോക്ക് നം - 15<br>സർവ്വെ നമ്പർ - 467/6-1-1 | ഭൂവികസനം<br>C4.BA/260754/19<br>19.09.2019 | 883.48M3 |
| 2 | ജെറി ജേക്കബ്, പാലക്കുന്നത്തു വീട്ടിൽ, നാരങ്ങാനം പി.ഒ<br>വാർഡ്- 11<br>വില്ലേജ്- നാരങ്ങാനം<br>ബ്ലോക്ക് നം - 15<br>സർവ്വെ നമ്പർ - 171/8-1 | ഭൂവികസനം<br>C4.BA/301967<br>28.10.2019 | 655 M3 |

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം;05/2019-20;25.08.2021) യ്ക്ക്, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സൈറ്റ് പരിശോധിച്ച് വിവരം ശേഖരിച്ച ശേഷം ഓഡിറ്റിനു റിപ്പോർട്ട് നൽകാമെന്നു സെക്രട്ടറി മറുപടി നൽകി. ഈ ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വികസന പെർമിറ്റുകളിന്മേൽ വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തുന്നതിനും കെട്ടിട നിർമ്മാണം നടത്താത്തപക്ഷം ടി വിവരം ജില്ലാ ജിയോളജിസ്റ്റിനെ രേഖാമൂലം അറിയിക്കുവാൻ പഞ്ചായത്തു ഭരണ സമിതിയോടും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-13 പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വാട്ടർ ടാങ്ക് വിതരണം - പദ്ധതി നടപ്പാക്കിയില്ല

2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കേണ്ടിയിരുന്ന വാട്ടർ ടാങ്ക് വിതരണം (പ.വ) എന്ന പദ്ധതി ടെണ്ടർ നടപടികൾക്ക് ശേഷം ഉപേക്ഷിച്ചു.

| ക്രമ നം | പ്രൊജക്ട് നം/പേര് | ഫണ്ട് - വകയിരുത്തിയത് | ഫണ്ട്- ചെലവഴിച്ചത് |
|---|---|---|---|
| 1 | 179/19-20,<br>PVC വാട്ടർ ടാങ്ക് വിതരണം (ST) | വികസന ഫണ്ട് (TSP)- 332000 | 0 |

പദ്ധതിയ്ക്കായി 21.08.2019 ൽ ടെണ്ടർ ക്ഷണിച്ചിരുന്നു (AS/03/2019-20). ടെണ്ടറിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01-11-2019 ലെ 4(1) ാം നമ്പർ തീരുമാനപ്രകാരം താമരക്കുളം, ഹയ്യാ ട്രേഡിംഗ് കമ്പനിയുടെ ക്വോട്ട് തുക (2795) അംഗീകരിക്കുകയും ചെയ്തിരുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് ലഭ്യമാക്കുന്നതിനും കരാർ തയ്യാറാക്കുന്നതിനും ഈ സ്ഥാപനത്തിന് 25.11.2019 ൽ കത്ത് നൽകിയിരുന്നെങ്കിലും പിന്നീട് പദ്ധതി പ്രാവർത്തികമാക്കാതെ ഉപേക്ഷിച്ചു.

ഗുണഭോക്തൃ ലിസ്റ്റ് (2019-20) പ്രകാരം ഈ പദ്ധതിയ്ക്ക് വിവിധ വാർഡുകളിലായി താഴെ പറയും പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നം | വാർഡ് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 10 | 1 |
| 2 | 12 | 2 |
| 3 | 13 | 5 |
| ആകെ | | 8 |

മേൽ പദ്ധതി ഉപേക്ഷിച്ചതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/2019-20 തീ.11.08.2021) മറുപടിയായി ഗുണഭോക്തൃലിസ്റ്റിലുള്ള പട്ടിക വർഗ്ഗ വിഭാഗക്കാർ ഗുണഭോക്തൃവിഹിതം ഒടുക്കുവാൻ തയ്യാറായില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഗുണഭോക്തൃ വിഹിതം അടവാക്കേണ്ടതില്ല എന്നതിനാൽ ഈ മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ഗ്രാമപഞ്ചായത്തിൽ 17 പട്ടിക വർഗ്ഗ കുടുംബങ്ങളിലായി 51 പേർ താമസിക്കുന്നുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഗുണഭോക്തൃ ലിസ്റ്റിൽ 8 പേർ മാത്രം നിലനിൽക്കെ 100 ൽ കൂടുതൽ ഗുണഭോക്താക്കൾക്കായുള്ള പദ്ധതി തയ്യാറാക്കിയത് ക്രമമല്ല. മാത്രമല്ല ടെണ്ടർ അംഗീകരിച്ചിട്ടും ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം നൽകാതെ പദ്ധതി ഉപേക്ഷിച്ചത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതും വരും വർഷങ്ങളിൽ ടി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 ബാലസഭ - കുടുംബശ്രീയ്ക്ക് നൽകിയ തുക ചെലവഴിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം/പേര് | 21/2019-20, ബാലസഭ പ്രവർത്തനങ്ങൾ |
| ഫണ്ട് , അടങ്കൽ | വികസന ഫണ്ട് , 50000 |
| ചെലവ് തുക, ബിൽ നം. / തീയതി | 50000, ബിൽ നം:33/12.07.2019 |
| രേഖകൾ ഹാജരാക്കിയത് | 18680 |

പദ്ധതി തുകയായ 50000 രൂപ കുടുംബശ്രീയുടെ നാരങ്ങാനം SBI യിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം:67206880835) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയിരുന്നു. ബാലസഭ സ്റ്റോക്ക് രജിസ്റ്ററും വൗച്ചറുകളും ഹാജരാക്കിയതു പ്രകാരം ആകെ 18680 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം/ തീയതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | ഏകദിന ക്യാമ്പ്/<br>29.05.2019 | 600- ബാനർ<br>2010- ഐസ്ക്രീം<br>8800 – ഭക്ഷണം, | 8800 രൂപയുടെ ചെക്ക് (798907/12.06.2019) ശ്രീ. ഹരിശ്ചന്ദ്രൻ, സോപാനം എന്ന വ്യക്തിയ്ക്ക് നൽകിയെങ്കിലും |

| | | | |
|---|---|---|---|
| | | | അപേക്ഷയോ രസീതോ വൗച്ചറിൽ ലഭ്യമല്ല. |
| 2 | ശാസ്ത്രോൽസവം/23.11.2019 | 4200-ഭക്ഷണം 3070-ഭക്ഷണം, ഓണറേറിയം | |
| ആകെ | | 18680 | |

മേൽ ചെലവു കൂടാതെ പ്രസ്തുത സാമ്പത്തിക വർഷം ചെലവുകൾ ഉണ്ടെങ്കിൽ ആയതിന്റെ രേഖകളും ക്രമ നം 1 ൽ റിമാർക്സിൽ കാണിച്ചിട്ടുള്ള 8800 രൂപയുടെ ചെലവ് രേഖകളും ഓഡിറ്റിനു ഹാജരാക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/19-20:1 7.08.2021) അസിസ്റ്റന്റ് സെക്രട്ടറിയോ കുടുംബശ്രീ ജീവനക്കാരോ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 31320 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ചെലവു രേഖകളുടെ അഭാവത്തിൽ 8800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം ടി തുക തിരികെ ഈടാക്കാൻ സർചാർജ് നടപടികൾക്കു ശുപാർശ ചെയ്യുന്നതാണ്.

## 1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹമായ ആനുകൂല്യം നൽകിയില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി (S0001/20) പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (294320രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതവും (250000 രൂപ) ഉൾപ്പെടെ 544320 രൂപയാണ് വകയിരുത്തിയിരുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നില്ല. പദ്ധതി പ്രകാരം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചുവെങ്കിലും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകാനായില്ല. പഞ്ചായത്തിൽ ഉൾപ്പെടുന്ന കടമ്മനിട്ട (53ഗുണഭോക്താക്കൾ), നാരങ്ങാനം (22 ഗുണഭോക്താക്കൾ), നിരന്നകാലാപ്പടി (17 ഗുണഭോക്താക്കൾ) എന്നീ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാലളക്കുന്ന ക്ഷീരകർഷകർക്ക് 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018) പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി ഒരു കർഷകന് വർഷത്തിൽ പരമാവധി 40000 രൂപ നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2019 സെപ്റ്റംബർ മാസം വരെ ലിറ്ററിന് 3 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയത്. സംയുക്ത പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ തുക വകയിരുത്തിയും ഫണ്ട് പൂർണ്ണമായും യഥാസമയം ലഭ്യമാക്കിയും ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നിലവിലും മരുന്നുകൾ, ലാബ് റീ ഏജന്റുകൾ, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പി. എച്ച്. സി. യ്ക്ക് മരുന്നും ലാബ് റീ ഏജന്റും വാങ്ങൽ പദ്ധതി

2019-20 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S0106/20പദ്ധതിയുടെ ഭാഗമായി മരുന്ന്, ലാബ് റീ ഏജന്റ് ഇവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് 170000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | S0106/20 പി എച്ച് സി യ്ക്ക് മരുന്നും ലാബ് റീ ഏജന്റും വാങ്ങൽ |
| അടങ്കൽ | 185000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 184023(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| | |

| | |
|---|---|
| തുക/ബിൽ നമ്പർ/തീയതി | 170000/- 5/19 16.10.2019<br>4982/- 8/19 26.11.2019<br>9041/- 10/19 21.12.2019 |
| ലഭിച്ചവയുടെ വില | 10128 |
| ലഭിക്കാൻ അവശേഷിക്കുന്നവയുടെ വില | 159872 |

ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മരുന്നുകൾ, ലാബ് റീ ഏജന്റുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയവ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) സാന്ത്വനപരിചരണം പദ്ധതി

2019-20 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സാന്ത്വനപരിചരണം പദ്ധതിയുടെ ഭാഗമായി മരുന്നുകൾ, ഉപകരണങ്ങൾ ഇവ ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ. ന് 261820 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | S0016/20 സാന്ത്വനപരിചരണം |
| അടങ്കൽ | 500000(വികസന ഫണ്ട്-പൊതു) 100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 112500 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 493360(വികസന ഫണ്ട്-പൊതു) 100000( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 112500 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| കെ.എം.എസ്.സി.എൽ. ന് നൽകിയ തുക/ബിൽ നം./ തീയതി | 49320 4/2019 /16.10.2019<br>100000 13/2019/ 30.03.2020<br>112500 14/2019/31.03.2020<br>261820 |
| ലഭിച്ചവയുടെ വില | 194736 |
| ലഭിക്കാൻ അവശേഷിക്കുന്നവയുടെ വില | 67084 |

സാന്ത്വനപരിചരണം പദ്ധതിയുടെ ഗുണഭോക്താക്കളും ശയ്യാവലംബരുമായ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ ഇവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടും,വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 229500/- | സമഗ്ര നെൽകൃഷി വികസനം (11/20) | 175000/- | 54500/- |
| ബ്ലോക്ക് പഞ്ചായത്ത് | 100000/- | സാന്ത്വന പരിചരണം (16/20) | 100000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 718994/- | ലൈഫ് ഭവനനിർമ്മണം (104/20 പട്ടികജാതി-) | - | 718994/-- |
| ബ്ലോക്ക് പഞ്ചായത്ത് | 650000/- | ലൈഫ് ഭവന നിർമ്മാണം (103/20ജനറൽ-) | - | 650000/-- |
| ബ്ലോക്ക് പഞ്ചായത്ത് | 125000/- | അനുപൂരക പോഷകാഹാരം (8/20ജനറൽ-) | - | 125000/-- |
| ബ്ലോക്ക് പഞ്ചായത്ത് | 200000/- | ശാരീരിക,മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (9/20) | 162800/- | 37200/-- |
| ബ്ലോക്ക് പഞ്ചായത്ത് | 250000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ( 1/20 ) | 250000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 100000/- | കാലിത്തീറ്റ വിതരണം (2/20) | 100000/- | - |
| ജില്ലാ പഞ്ചായത്ത് | 100000/- | ആശ്രയ ജനറൽ(20/20) | - | 100000/-- |
| ജില്ലാ പഞ്ചായത്ത് | 112500/- | സാന്ത്വന പരിചരണം(16/20) | 112500/- | - |
| ജില്ലാ പഞ്ചായത്ത് | 100000/- | അനുപൂരക പോഷകാഹാരം (ജനറൽ-8/20) | - | 100000/- |
| ജില്ലാ പഞ്ചായത്ത് | 57912 | ലൈഫ് ഭവനനിർമ്മാണം (പട്ടികജാതി-104/20) | - | 57912- |
| ജില്ലാ പഞ്ചായത്ത് | 200000/- | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (294/20) | - | 200000/- |

## 4-2 നിക്ഷേപ പ്രവൃത്തികൾ

2019-20 ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ ചെലവില്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ലഭ്യമല്ല | 5605631 | 5605631 | 397059 | - | 5208572 |

(ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ലാത്തതിനാൽ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്).

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2016-17 | 2.1 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ ഉപയോഗിക്കാതെ ബാക്കി വന്നവ തിരികെ വാങ്ങി ക്യാൻസൽ ചെയ്ത സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത മാന്വൽ രസീതുകൾ എന്നിവ സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2015-16 | 2016-17 | 2.2 | ഡി.&ഒ. ലൈസൻസ് ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2013-14 | 2014-15 | 2.4 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, നാരങ്ങാനം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ വിവിധ ശാഖകളിലെ തൊഴിൽ നികുതി പിരിവിൽ കുടിശ്ശിക സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന് 2012-13 മുതലുള്ള തൊഴിൽനികുതി സ്ഥാപന നികുതി എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.4 | മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂൾ സാവിയോ ചാരിറ്റബിൾ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | 2014-15 | 2015-16 | 2.5 | റേഷൻ റീട്ടയിൽ ഡിപ്പോകൾ തൊഴിൽ നികുതി ഒടുക്കിയില്ല എന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |

## 4-8 ചാർജ്,സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15445511 |
| ഓഡിറ്റ് വർഷത്തെ വരവ് | 42500700 |
| ആകെ വരവ് | 57946211 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39289659 |
| നീക്കിയിരിപ്പ് | 18656552 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 8800 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-14 | 8800 | എ.ഗിഫ്റ്റി, അസി.സെക്രട്ടറി |

ഡി) കേന്ദ്ര,സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിര മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗിഫ്റ്റി.ജെ.,അസിസ്റ്റന്റ് | സെക്രട്ടറി, തെൻമല ഗ്രാമ പഞ്ചായത്ത് | മണപൈകചാപ്രയിൽ, |

| സെക്രട്ടറി | | പടപ്പക്കര, കൊല്ലം |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-04-2009 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | മുഴുവൻ ഖണ്ഡികകളും |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 തീയതി 16-03-2010 | 1 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002തീയതി 13-11-2002 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635/2009തീയതി 27-02-2010 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-02-2010 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 03-05-2010 | 14 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 16 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 15-03-2014 | 5 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി3/815/2017 തീയതി. 18.07.2017 | 5 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി5/1376/2018 തീയതി.24.10.2018 | 15 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി5/1004/2019 തീയതി.07.01.2020 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്